നൽകുന്നതിനുവേണ്ടി അനുമതി തരണം എന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനായുള്ള സർവ്വേയിൽ ഈ ക്ഷേത്രപ്രദേശവും ഉൾപ്പെടുന്നുണ്ടോ എന്ന് ഞാൻ പരിശോധിക്കാം. ഏതായാലും ക്ഷേത്രത്തിനും ആരാധനയ്ക്കും ഒന്നും ഒരു തടസ്സവുമില്ലാത്തവിധം ഈ സ്ഥലം റിസർവ് വനമായിതന്നെ നിലനിർത്തിക്കൊണ്ട് ആരാധന തുടരാവുന്നതാണ് എന്ന് വനംവകുപ്പ് പറഞ്ഞ ഒരു സാഹചര്യത്തിൽ പട്ടയം നൽകുന്ന കാര്യം വനംവകുപ്പുമായി ആലോചിച്ച് പരിഹാരം ഉണ്ടാക്കാൻ കഴിയുമോ എന്ന് വീണ്ടും ഞങ്ങൾ ശ്രമിക്കുന്നതാണ്. നേരത്തെ ജോയിന്റ് വെരിഫിക്കേഷൻ എല്ലാ സ്ഥലത്തും നടന്നുകഴിഞ്ഞതാണ്. നമ്മൾ സർവ്വേ നടത്തി കേന്ദ്രഗവൺമെന്റിന് കൊടുത്തതിന്റെ അടിസ്ഥാനത്തിലാണ് പത്തനംതിട്ട ജില്ലയിൽ 80 ഹെക്ടർ ഭൂമിക്ക് പട്ടയം കൊടുക്കുന്നതിന് ഇപ്പോൾ അനുമതി കിട്ടിയിട്ടുള്ളത്. അതിൽ ഈ സ്ഥലം ഉൾപ്പെടുന്നില്ല. അങ്ങനെ ഉൾപ്പെടാത്ത കുറേയേറെ പ്രദേശങ്ങളിൽ കൂടി വീണ്ടും ജോയിന്റ് സർവ്വേ നടത്തി അതും കേന്ദ്രഗവൺമെന്റിന്റെ അനുമതിക്കുവേണ്ടി അയച്ചിട്ടുണ്ട്. അതിൽ ഇതുകൂടി ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് ഞാൻ പരിശോധിക്കാം. ഉൾപ്പെടുത്തിയിട്ടുണ്ടാകും എന്നാണ് ഞാൻ കരുതുന്നത്. അതല്ലെങ്കിലും ഫോറസ്റ്റ് അധികൃതരുമായി ബന്ധപ്പെട്ടുകൊണ്ട് ക്ഷേത്രത്തിനോ, ക്ഷേത്ര ആരാധനയ്ക്കോ തടസ്സം ഇല്ലാത്ത രീതിയിൽ അത് കൈകാര്യം ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(8) എറണാകുളം ജില്ലയിലെ സമഗ്ര ഭവനനിർമ്മാണ പദ്ധതി

ശ്രീ. കെ. മുഹമ്മദാലി: സർ, എറണാകുളം ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ത്രിതല പഞ്ചായത്തിന്റെ സഹകരണത്തോടുകൂടി ഹഡ്കോയുടെ സഹായത്തോടുകൂടി സമഗ്ര ഭവനനിർമ്മാണ പദ്ധതി ആരംഭിക്കാൻ തീരുമാനിച്ചു. ഗവൺമെന്റിന്റെ ഗ്യാരന്റി ഈ പദ്ധതിക്ക് ആവശ്യമാണ്. കൊല്ലം ജില്ലയുൾപ്പെടെ കേരളത്തിലെ മറ്റ് ജില്ലകൾക്കും ഇതിന് അനുമതി നൽകിയിട്ടുണ്ട്. എറണാകുളം ജില്ലാ പഞ്ചായത്ത് സമർപ്പിച്ചിട്ടുള്ള ഹഡ്കോയുടെ സഹായത്തോടുകൂടിയുള്ള ഈ പദ്ധതിക്ക് ഇതുവരെ അനുമതി ലഭിച്ചിട്ടില്ല. അനുമതി ലഭിക്കാൻ എന്താണ് തടസ്സമെന്നറിയില്ല. ഈ ഭവനനിർമ്മാണ പദ്ധതിക്ക് അടിയന്തിരമായി അനുമതി നൽകി എറണാകുളത്തെ ഭവനരഹിതരായ ആളുകളെ സംരക്ഷിക്കാൻ ഗവൺമെന്റ് മുന്നോട്ടു വരണമെന്ന് അഭ്യർത്ഥിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): സർ, എറണാകുളം ജില്ലാ പഞ്ചായത്ത് നടപ്പിലാക്കാനുദ്ദേശിക്കുന്ന ജനകീയ പാർപ്പിട പദ്ധതിക്ക് ഹഡ്കോയിൽ നിന്ന് 33 കോടി രൂപ വായ്പയെടുത്ത് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതിപ്രകാരം 35,000 രൂപ വച്ച് 9600 കുടുംബങ്ങൾക്ക് ഭവനം നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ പദ്ധതിക്ക് അനുമതി നൽകാനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. ധനകാര്യ വകുപ്പുമന്ത്രി ആവശ്യപ്പെട്ട വിവരങ്ങൾ എറണാകുളം ജില്ലാ പഞ്ചായത്ത് ലഭ്യമാക്കിയതു പ്രകാരം 20-2-2001-ൽ ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുള്ള ഈ പദ്ധതിക്ക് അനുമതി നൽകുന്നതിന് ആവശ്യമായ സത്വര നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly